Sept '19
Updates



# Devamatha Flood Relief Mission - 2019

Issue 1. Vol 1 September 2019

പ്രളയക്കെടുതികൾ മറന്നു തുടങ്ങും മുമ്പേയാണ് ഇക്കുറി വീണ്ടും പേമാരിയും പ്രളയവും കേരളത്തിൽ നാശം വിതച്ചത്. കൊടും മഴയുടെ കലി ജനതയുടെ നിലവിളിയായി മാറിയ ദിനരാത്രങ്ങൾ ഹൃദയം പിളർത്തുന്ന രംഗങ്ങൾക്കാണ് കേരളം ഒരിക്കൽ കൂടി സാക്ഷിയായത്. അപ്രതീക്ഷിത ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, ഉറ്റവരും സകല സ്വത്തുക്കളും നഷ്ടപ്പെട്ടവർ, ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയവർ. മഴയുടെ ആർത്തനാദം ഉരുൾപ്പൊട്ടലായി മാറിയപ്പോൾ നിലമ്പൂർ, കവളപാറയിലും, വയനാട് പുത്തുമലയിലുമടക്കം ജീവൻ നഷ്ടപെട്ടത് 78 പേർക്ക്. ഉറ്റവരെ നഷ്ടമായവരും അനാഥരായവരും നിരവധി പേർ. സംസ്ഥാനത്ത് 286 വീടുകൽ പൂർണ്ണമായും 2966 വീടുകൾ ഭാഗികമായും തകർന്നു. 1639 ദുരിതാശ്വാസ ക്യാമ്പുകളിലായി 261249 പേർ അഭയം നേടി. മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലാണ് ഇക്കുറി പ്രളയം കൂടുതൽ നാശം വിതച്ചത്.

കേരളം ഒരു മഹാവിലാപമാണിപ്പോൾ. കാതോർക്കാനും കൈകോർക്കാനും സുമനസ്സുകളെ തേടുന്ന ഹൃദയവിലാപം. കേരളത്തിന്റെ അപ്രതീക്ഷിത പ്രതിസന്ധിയിൽ സമാശ്വാസത്തിന്റെ സഹായഹസ്തവുമായാണ് CMI ദേവമാതാ പ്രാവിൻസിന്റെ നേതൃത്വത്തിൽ പ്രളയാനന്തര പുനരധിവാസം നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പ്രോവിൻസിന്റെ കീഴിലുള്ള ആശ്രമങ്ങളുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ സജ്ജമാക്കുകയും പ്രവർത്തനങ്ങൽ ഏകോപ്പിക്കുകയും ചെയ്തു. CMI ദേവമാത പ്രൊവിൻഷ്യാൾ വാൾട്ടർ തേലപ്പിള്ളി, സാമൂഹ്യ വിഭാഗം മേധാവി ഫാ. ജോയ് വട്ടോലി എന്നിവരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സന്ദർശിക്കുകയും പ്രോത്സാഹനവും വേണ്ടതായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ദുരന്തത്തിന്റെ തീവ്രത കൂടുതലായി അനുഭവപ്പെട്ട കോഴിക്കോട്, മലപ്പുറം, വയനാട്, ജില്ലയിലെ വിവിധ പ്രദേശങ്ങളിലേക്കും CMI ദേവമാത പ്രൊവിൻസിന്റെ കീഴിലുള്ള ആശ്രമങ്ങളുടേയും സ്ഥാപനങ്ങളുടേയും സ്ക്കൂളുകളുടേയും നേതൃത്വത്തിൽ സഹായങ്ങൾ എത്തിച്ച് നൽകി. കൂടാതെ മഹാരാഷ്ട്ര, കർണ്ണാടക എന്നിവിടങ്ങളിലെ പ്രളയ പ്രദേശങ്ങൾ സന്ദർശിക്കുകയും സഹായങ്ങൾ എത്തിക്കുകയും ചെയ്തു.

"ആവശ്യത്തിലിരിക്കുന്ന സഹോദരങ്ങളെ ക്രിയാത്മകമായി സഹായിക്കുക എന്നതാണ് വിശുദ്ധി" എല്ലാം മറന്ന് ആരേയും സഹായിക്കുവാൻ മുന്നോട്ടുവന്ന കക്ഷി രാഷ്ട്രിയങ്ങൾക്കും, മതങ്ങൾക്കും അപ്പുറത്തുള്ള യഥാർത്ഥ മനുഷ്യനെ കണ്ട അവസരങ്ങളായിരുന്നു പ്രളയ ദിനങ്ങൾ. എല്ലാ മനുഷ്യരേയും പ്രകൃതിയേയും സഹോദരി സഹോദരങ്ങളായി കണ്ട് ബഹുമാനിച്ച്, പങ്കുവെച്ച് ഒരുമയോടെ ഓണത്തെ നമ്മുക്ക് വരവേൽക്കാം. നന്ദിയോടെ, ഓണാശംസകളോടെ പ്രളയകാലത്തെ നന്മകളെ പങ്കുവെയ്ക്കുന്നു.

**Fr. Dr. Joy Vattoly CMI**
**Councillor for Social Apostolate,**
**CMI Devamatha Province**





# CMI Devamatha Public School, Patturaikkal

വിയ്യൂർ, പൂങ്കുന്നം, പെരിങ്ങാവ് മേഖലകളിൽ നിന്നുള്ള 135 പുരുഷൻമാരും 130 സ്ത്രീകളും 64 കുട്ടികളും അടക്കം 329 പേരാണ് സ്ക്കൂളിൽ സജ്ജമാക്കിയ ക്യാമ്പിൽ ഉണ്ടായിരുന്നത്. ആഗസ്റ്റ് 9 ന് ആരംഭിച്ച ക്യാമ്പ് 13 ന് സമാപിച്ചു. സുപ്പീരിയർ ഫാ. പോൾസൺ പാലിയേക്കര, സ്ക്കൂൾ പ്രൻസിപ്പാൾ ഫാ. ഷാജു എടമന, വൈസ് പ്രൻസിപ്പാൾ ഫാ. സിന്റോ നങ്ങിണി എന്നിവരുടെ നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷന്റെ സഹകരണത്തോടെ ആവശ്യമായ സാധനങ്ങൾ ക്യാമ്പിൽ സജ്ജമാക്കിയിരുന്നു. സ്ക്കൂളിൽ അദ്ധ്യാപകരുടെയും സന്നദ്ധ സേവകരുടേയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു.



# Infant Jesus Monastery, Thalore

ആശ്രമത്തിനു കീഴിൽ പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ എൽ. പി സ്ക്കൂളിൽ സംഘടിപ്പിച്ച ദുരിതാശ്വാസ ക്യാമ്പിൽ പുലക്കാട്ടുകര, നെൻമണിക്കര, തലവണിക്കര, റെയിൽവേ ലൈൻ എന്നിവടങ്ങളിൽ നിന്നുള്ള 600 ഓളം പേരാണ് ഉണ്ടായിരുന്നത്. ആശ്രമം പ്രീയോർ ഫാ. സെബി പാലമറ്റത്ത്, ഫാ. സേവി പുത്തരി എന്നിവർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പഞ്ചായത്തുമായി സഹകരിച്ചാണ് ക്യാമ്പിന്റെ പ്രവർത്തനം നടപ്പിലാക്കിയത്.

## St.Thomas Monastery, Pavartty



ആശ്രമത്തിനു കീഴിൽ പ്രവർത്തിക്കുന്ന സെന്റ്. ജോസഫ് ഹയർസെക്കന്ററി സ്ക്കൂളിൽ ആഗസ്റ്റ് 10 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ സജ്ജമാക്കിയ ക്യാമ്പിൽ പ്രളയ ദുരന്തം നേരിട്ട പാവറട്ടി മേഖലയിൽ നിന്നുള്ള 100 ഓളം പേരാണ് അഭയാർത്ഥികളായി ഉണ്ടായിരുന്നത്. പഞ്ചായത്തുമായി സഹകരിച്ച് ക്യാമ്പിൽ ആവശ്യമായ സഹായങ്ങൾ എത്തിച്ചു. കൂടാതെ പ്രളയം കൂടുതലായി നേരിട്ട മറ്റു ജില്ലകളിലേക്കും ആശ്രമം പ്രീയോർ ഫാ. ജോസ് ചിറ്റിലപ്പിള്ളിയുടേയും പള്ളിയിലെ യുവനാളം സംഘടനയുടെ അമരക്കാരനായ ഫാ. വർഗ്ഗീസ് കാക്കശ്ശേരിയുടേയും നേതൃത്വത്തിൽ 42 ഓളം സംഘടനാഅംഗങ്ങളുടെ സഹകരണത്തോടെ പ്രളയ ബാധിത പ്രദേശമായ വയനാട്ടിലേക്കും കോഴിക്കോട്ടേക്കും 3 ലക്ഷത്തോളം രൂപയുടെ ഗൃഹോപകരണങ്ങളടക്കം അവശ്യ സാധനങ്ങൾ എത്തിച്ചു.



## St. Mary’s Monastery, Elthuruth

ആശ്രമം പ്രീയോർ ഫാ. ജോസ് പയ്യപ്പിള്ളിയുടെ നേതൃത്വത്തിൽ സെന്റ്. അലോഷ്യസ് എൽ. പി സ്ക്കൂളിൽ ആരംഭിച്ച ക്യാമ്പിൽ 100 ഓളം പേർ പങ്കെടുത്തു. ആഗസ്റ്റ് 14 ന് ആരംഭിച്ച ക്യാമ്പ് 18 ന് സമാപിച്ചു. പഞ്ചായത്തുമായി സഹകരിച്ചാണ് ക്യാമ്പിലെ പ്രവർത്തനങ്ങൾ സജ്ജീകരിച്ചത്. പ്രളയദിനത്തിലെത്തിയ സ്വാതന്ത്ര്യ ദിനാഘോഷം പതാക ഉയർത്തി സമുചിതമായി ആഘോഷിച്ചു. ക്യാമ്പിലുള്ളവർക്ക് ഇത്തരം ഒരു അനുഭവം പുതുമയുള്ളതായിരുന്നു.

## Christ College, Irinjalakuda

വയനാട്, പാലക്കാട് മേഖലയിലെ പ്രളയദുരിത ബാധിതർക്കായി ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ സമാഹരിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് വാങ്ങിയ നിത്യോപയോഗ സാധനങ്ങൾ 3 വാഹനങ്ങളിൽ ആയി ദുരിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് കൈമാറി. പ്രിൻസിപ്പാൾ ഡോ. മാത്യു പോൾ ഊക്കൻ, വൈസ് പ്രിൻസിപ്പാൾമാരായ ഫാ. ജോയ് പീനിക്കപറമ്പിൽ, ഫാ. ഡോ. ജോളി ആഡ്രൂസ് എന്നിവർ നേതൃത്വം നൽകി.




## CMI Public School, Chalakkudy

ചാലക്കുടി CMI പബ്ലിക്ക് സ്ക്കൂൾ പ്രിൻസിപ്പാൾ ഫാ. സന്തോഷ് മുണ്ടൻമാണിയുടെ നേതൃത്വത്തിൽ ആശ്രമത്തിന്റെ പ്രാന്തപ്രദേശങ്ങളിലുള്ള 68 പ്രളയ ബാധിത കുടുംബങ്ങൾക്ക് ഒരു ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപയുടെ രണ്ട് മാസത്തേക്കുള്ള അവശ്യ സാധന സാമഗ്രികളും പ്രളയത്തിൽ കിടപ്പാടം നഷ്ടപ്പെട്ട നിർദ്ധന കുടുംബത്തിന് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും കൈമാറി.

## Kuriakose Elias Chavara U.P School, Potta

സ്ക്കൂൾ ഹെഡ്മാസ്റ്റർ ഫാ.ജോയ് കൊടിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സഹകരണത്തോടെ പ്രളയബാധിതർക്കായി വിദ്യാഭ്യാസ വകുപ്പിലേക്ക് 68000 രൂപയുടെ സാധനസാമഗ്രികൾ കൈമാറി.

## Immaculate Heart Monastery, Varantharapilly

വരന്തരപ്പിള്ളി സെന്റ് ജോൺ ബോസ്കോ എൽ. പി. സ്ക്കൂളിൽ ആരംഭിച്ച ക്യാമ്പിൽ 18 കുടുംബങ്ങളിൽ നിന്നായി 50 ഓളം പേരാണ് അഭയം നേടിയത്. ആഗസ്റ്റ് 9 ന് ആരംഭിച്ച ക്യാമ്പ് 13 ന് സമാപിച്ചു. പള്ളിയുടെ നേതൃത്വത്തിൽ പ്രളയം കൂടുതലായി നേരിട്ട 4 കുടുംബങ്ങൾക്ക് 10000 രൂപ വീതം ധനസഹായം നൽകുകയും യൂത്ത് സംഘടനയിലെ 20 ഓളം അംഗങ്ങൾ ആശ്രമം പ്രീയോർ ഫാ. ബേബി ഷെപേർഡ് എടക്കളത്തൂരിന്റെ നേതൃത്വത്തിൽ ഒന്നര ടൺ അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റുകൾ നിലമ്പൂരിലെ പ്രളയ ബാധിത പ്രദേശങ്ങളിലേക്ക് എത്തിച്ചു.



## Amala Institute of Medical Sciences

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ നേതൃത്വത്തിൽ തൃശ്ശൂർ DMO ഓഫീസുമായി സഹകരിച്ച് ജില്ലക്ക് അകത്തും പുറത്തുമായി ഡോക്ടർമാർ അടങ്ങുന്ന സംഘം വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ആശുപത്രിയുടെ പ്രാന്തപ്രദേശങ്ങളായ അടാട്ട്, പുറനാട്ടുക്കര തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ ക്യാമ്പുകളിലേക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യുകയും ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്തു.



## St. Xavier's CMI PublicSchool, Pullur

മാനേജർ ഫാ. തോമംസൺ അറക്കൽ, പ്രിൻസിപ്പാൾ ഫാ. ബിനു കുറ്റിക്കാടൻ എന്നിവരുടെ നേതൃത്വത്തിൽ St. Xavier's CMI Public School ലെ വിദ്യാർത്ഥികളുടെ സഹകരണത്തോടെ പ്രളയ ബാധിത പ്രദേശങ്ങളിലേക്ക് അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റ് എത്തിച്ചു.

# KESS, Thrissur

ദേവമാതാ പ്രൊവിൻസിന്റെ സാമൂഹ്യ സേവന സംഘടനയായ കെസ്സിന്റെ നേതൃത്വത്തിൽ പ്രളയാനന്തര പുനരധിവാസത്തിന്റെ ഭാഗമായി ദുരന്ത നിവാരണ ടീമിനെ സജ്ജമാക്കുകയും സേവന സന്നദ്ധരായ ടീമിന്റെ നേതൃത്വത്തിൽ കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളിലൂടെ തൃശ്ശൂർ ജില്ലയിലേയും  മറ്റ് ജില്ലകളിലേയും ദുരിത ബാധിതർക്ക് സഹായങ്ങൾ എത്തിക്കുകയും ചെയ്തു. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലുള്ളവർക്കാണ് ഭക്ഷണ–പഠന സാമഗ്രികൾ ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകിയത്. കൂടാതെ പ്രളയ ബാധിത കർഷകരുടെ കാർഷിക വിഭവങ്ങൾ ശേഖരിക്കുകയും, കൃഷിക്ക് ആവശ്യമായ വാഴക്കന്ന് ഉൾപ്പടെയുള്ള നടീൽ വസ്തുക്കൾ നൽകി അവർക്ക് കൈ താങ്ങാവുകയും ചെയ്തു.

പ്രളയ ദുരന്തം നേരിട്ട കോഴിക്കോട് ജില്ലയിലെ 15 HIV കുടുംബങ്ങൾക്ക് കെസ്സിന്റെ നേതൃത്വത്തിൽ വീട് പുനരുദ്ധാരണത്തിന് ധനസഹായം നൽകി. കൂടാതെ 100 കുടുംബങ്ങൾക്ക് ഗ്രീൻ കിറ്റ്, റിലീഫ് കിറ്റ് എന്നിവയും എത്തിച്ചു. ഇതിനു പുറമെ മുംബൈയിലെ ചാവറ ആശ്രംശാലയിലേക്ക് നാശനഷ്ടങ്ങളെ അതിജീവിക്കുന്നതിനുള്ള ധനസമാഹരണമാർഗങ്ങളിൽ ഏർപ്പെട്ടു.

ആരോഗ്യപരമായ തളർച്ചയേക്കാൾ ആപൽക്കരമാണ് മാനസ്സികമായ തളർച്ച. പ്രളയ കെടുതികൾക്കിരയായ കുടുംബങ്ങളുടെ പ്രത്യേകിച്ച് കുട്ടികളുടെ മാനസികാരോഗ്യത്തെ മെച്ചപ്പെടുത്തുന്നതിനും പ്രളയ പുനരധിവാസം സാധ്യമാക്കുന്നതിനുമായി ടീം കെസ്സിന്റെ നേതൃത്വത്തിൽ അവരുടെ ആത്മവിശ്വാസവും ധൈര്യവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൗൺസിലിങ്ങ് നൽകി.





## Carmel School, Chalakudy

ചാലക്കുടി കാർമൽ ഹയർ സെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പാൾ ഫാ. ജോസ് കിടങ്ങൻ ന്റെ നേതൃത്വത്തിൽ പ്രളയ ദുരന്തം അതിതീവ്രമായി നേരിട്ട നിലമ്പൂരിലേക്ക് 5 ലക്ഷം രൂപയുടെ അവശ്യ സാധനങ്ങൾ നൽകി.




## Christ Academy, Bangalore

ആശ്രമത്തിനു കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രളയ ബാധിത പ്രദേശങ്ങളായ ബലഗാവി, ബങ്കൽകോട്ട ജില്ലകളിലെ പ്രാന്ത പ്രദേശങ്ങളിലേയ്ക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റ് എത്തിച്ചു. ക്രൈസ്റ്റ് അക്കാദമി പ്രിൻസിപ്പാൾ ഫാ. ജോയ്സ്, CAIAS ഡയറക്ടർ & അഡ്മിനിസ്ട്രേറ്റർ ഫാ. ആന്റണി, വൈസ് പ്രിൻസിപ്പാൾമാരായ ഫാ. പ്രവീൺ, ഫാ. അരുൺ, ഫാ. ഡേവീസ്, എന്നിവർ നേതൃത്വം നൽകി.

## Jyothi Nivas, Mumbai

മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിൽ മുംബൈയിലെ ജ്യോതി നിവാസ് ആശ്രമത്തിന്റെ സമീപ പ്രദേശങ്ങളിലുള്ള 300 ഓളം വീടുകൾ തകരുകയും, 60 ഓളം പേരുടെ ജീവൻ നഷ്ടമാവുകയും ചെയ്തു. ദുരന്തം നേരിട്ട കുടുംബങ്ങളിലേക്ക് ആശ്രമം ഡയറക്ടറും സ്ക്കൂൾ പ്രിൻസിപ്പാളുമായ ഫാ. ടെന്നി പാറക്കയുടെ നേതൃത്വത്തിൽ മലാഡ് സെന്റ് ജോർജ്ജ് സ്ക്കൂളിലെ കുട്ടികൾ ധനസഹായം നൽകി.

## Anugrah, Navi Mumbai

അനുഗ്രഹ CMI ആശ്രമത്തിനു കീഴിലുള്ള ക്രൈസ്റ്റ് അക്കാദമി ഡയറക്ടർ ഫാ. ജയ്സൺ വടക്കേത്തലയുടെ നേതൃത്വത്തിൽ സ്ക്കൂളിലെ കുട്ടികളുടെ സഹായത്തോടെ പ്രളയം കൂടുതലായി നേരിട്ട കോലാപൂർ, സാംഗ്ലി എന്നീ ജില്ലകളിലെ ദുരിതബാധിതർക്ക് 4 ലക്ഷം രൂപ ധനസഹായമായി നൽകി.



മഴക്കെടുതിയും പ്രളയവും തുടർകഥയാകുന്ന സാഹചര്യം വലിയ ആശങ്കയായി നമുക്കു മുന്നിലുണ്ട്. പാടം നികത്താനും യാതൊരു നിയന്ത്രണങ്ങളുമില്ലാതെ കുന്നിടിക്കാനും ക്വാറി നടത്താനും മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാൻ അനുവദിക്കാതെ വീടിനു ചുറ്റും ടൈൽ പാകാനും, കാനകൾ കൈയേറാനും കുളങ്ങൾ നികത്താനും ഒരുങ്ങി പുറപ്പെടും മുമ്പ് ഇനി മലയാളി രണ്ട് തവണ ചിന്തിക്കണമെന്ന വലിയ പാഠമാണ് പ്രകൃതി നമുക്ക് നൽകുന്നത്. വെള്ളം കടലിലേയ്ക്ക് ഒഴുകി പോകാനുള്ള സ്വാഭാവിക സ്രോതസ്സുകളെ തടസപ്പെടുത്തി കൊണ്ട് കൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ, നിയമങ്ങൾ കാറ്റിൽ പറത്തുമ്പോൾ, പ്രളയം നമ്മെ വിഴുങ്ങാനായി കാത്തിരിക്കുന്നുണ്ടെന്ന തിരിച്ചറിവ് നാം ഉൾകൊള്ളേണ്ടതുണ്ട്. കോൾപാടങ്ങളിലേ ചണ്ടി നീക്കാനോ, കാനകൾ വൃത്തിയാക്കാനോ, ബണ്ടുകൾ പുന:ക്രമീകരിക്കാനോ തയ്യാറാകാതിരുന്നതിനുള്ള അർഹിക്കുന്ന ശിക്ഷ കൂടിയാണ് ഈ രണ്ടാം പ്രളയമെന്ന് കാണാതിരിക്കാനാവില്ല. പ്രളയം വരുമ്പോൾ മാത്രം ചർച്ച ചെയ്യാനുള്ളതല്ല പശ്ചിമഘട്ട സംരക്ഷണപദ്ധതിയും മാധവ്ഘാട്ക്കിൽ റിപ്പോർട്ടും എന്ന് ഇനിയെങ്കിലും തിരിച്ചറിയേണ്ടതുണ്ട്. അറിവിനേക്കാൾ വലുതാണ് തിരിച്ചറിവെന്ന വലിയ ചിന്ത നമുക്ക് വഴികാട്ടിയാകട്ടെ.

Published by : Fr. Dr. Joy Vattoly CMI, Councillor for Social Apostolate, CMI Devamatha Province
For Private Circulation Only